# വോട്ടുചെയ്യാനാകാതെ ചെങ്ങറ സമരഭൂമി

**കേരള** ചരിത്രത്തിലെ ഏറെ ശ്രദ്ധേയമായ ഒരു ഭൂസമരമായിരുന്നല്ലോ പത്തനംതിട്ട ജില്ലയിലെ ചെങ്ങറയിൽ നടന്നത്. ഹാരിസൺ മലയാളം പ്ലാന്റേഷൻ കൈവശം വച്ചിരുന്ന പാട്ടക്കാലാവധി കഴിഞ്ഞ ചെങ്ങറയിലെ റബ്ബർ തോട്ടത്തിൽ കുടിൽകെട്ടി സമരം ചെയ്ത ഭൂരഹിതർ അംബേദ്കർ സ്മാരക മാതൃക ഗ്രാമമായി അതിനെ മാറ്റുകയും പത്ത് വർഷത്തിലേറെയായി അവിടെ താമസം തുടരുകയും ചെയ്യുകയാണ്. മൂവായിരത്തിൽ അധികം പ്രായപൂർത്തിയായ വോട്ടർമാർ ഈ കൂട്ടത്തിലുണ്ട്. എന്നാൽ ഈ തെരഞ്ഞെടുപ്പിലും ജനാധിപത്യാവകാശമായ വോട്ടവകാശം ജില്ലാ ഭരണകൂടം ഇവർക്ക് നിഷേധിക്കുകയാണുണ്ടായത്. ചെങ്ങറ സമരഭൂമിയെ വോട്ടർമാർ ഇക്കാര്യം ഉന്നയിച്ച് പരാതിപ്പെട്ടപ്പോൾ വോട്ടർ ലിസ്റ്റിൽ പേര് ചേർക്കാനുള്ള സമയം കഴിഞ്ഞുപോയി എന്നതിനാൽ ഇനി തെരഞ്ഞെടുപ്പിനുശേഷം ഇവരുടെ കാര്യം പരിഗണിക്കാം എന്നാണ് പത്തനംതിട്ട ജില്ലാ കളക്ടർ അറിയിച്ചത്. ചെങ്ങറക്കാർക്ക് വോട്ടേഴ്സ് ഐഡന്റിറ്റി കാർഡ് കൊടുക്കുന്ന കാര്യം ജില്ലാ കളക്ടറുടെ ശ്രദ്ധയിൽ പെടാത്തതുകൊണ്ടല്ല ഈ അവഗണനയുണ്ടായത് എന്ന് തദ്ദേശീയർ പറയുന്നു. “കേരള സംസ്ഥാന പട്ടികജാതി ഗോത്രവർഗ്ഗ കമ്മീഷന്റെ 2017 നവംബർ 30ലെ ഉത്തരവിന്റെ വെളിച്ചത്തിൽ 2018 മാർച്ച് 17ന് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ വോട്ടേഴ്സ് ഐ.ഡി കാർഡ്, റേഷൻകാർഡ്, വീട്ടു നമ്പർ എന്നിവ നൽകുന്നതിനെക്കുറിച്ചും സമരഭൂമി സർവ്വെ ചെയ്യുന്നതിനെക്കുറിച്ചും ചർച്ച നടന്നിരുന്നു. വിവിധ വകുപ്പുകൾ ഈ വിഷയങ്ങളിൽ ഉചിതമായ തീരുമാനങ്ങൾ സ്വീകരിക്കണം എന്നാണ് അന്ന് തീരുമാനമായത്. കൂടാതെ കേരള ബാലാവകാശ കമ്മീഷൻ 2014 ഒക്ടോബർ 24ന് ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ ഇറക്കിയ ഉത്തരവിലും ഈ പറഞ്ഞ എല്ലാ കാര്യങ്ങളും ഒപ്പം ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള ക്രമീകരണം, ജനന മരണ രജിസ്ട്രേഷൻ, അംഗൻവാടികൾ സ്ഥാപിക്കൽ എന്നിവ നടപ്പിലാക്കണമെന്ന് പറഞ്ഞിരുന്നു. ഇതിനും പുറമെ അംബേദ്കർ സ്മാരക മാതൃകഗ്രാമ വികസന സൊസൈറ്റി 2016 നവംബർ 19 ന് പ്രധാനമന്ത്രിക്ക് നൽകിയ പരാതിയിന്മേൽ കേരളാ ചീഫ് സെക്രട്ടറി ഈ വിഷയങ്ങൾക്ക് അടിയന്തിരമായി പരിഹാരം കാണണമെന്ന് കാണിച്ചുകൊണ്ട് ജില്ലാ കളക്ടർക്കു ഉത്തരവിട്ടിട്ടുള്ളതാണ്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ ജില്ലാ കളക്ടറുടെ നിർദേശപ്രകാരം ചെങ്ങറ ഭൂമിയിൽ എത്രപേർ താമസിക്കുന്നുണ്ട്, എത്ര വീടുകൾ ഉണ്ട് എന്നുള്ള സകല വിവരങ്ങളും ശേഖരിച്ചിട്ടുള്ളതാണ്. കൂടാതെ ഇത്രയും നടപടികൾ മുന്നോട്ടുപോയിട്ടും വീട്ടുനമ്പർ, റേഷൻകാർഡ് വോട്ടേഴ്സ് ഐ.ഡി കാർഡ് അങ്ങനെയുള്ള യാതൊരു അടിസ്ഥാന സൗകര്യങ്ങളും ചെയ്തുതരാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് 2018 ഏപ്രിൽ 16 മുതൽ 256 ദിവസത്തോളം കളക്ട്രേറ്റിന്റെ പടിക്കൽ ഞങ്ങൾ സത്യാഗ്രഹവും നടത്തിയിരുന്നു. എന്നിട്ടും ചെങ്ങറയിൽ മൂവായിരത്തോളം ആളുകൾക്ക് ഈ തെരഞ്ഞെടുപ്പിൽ തിരിച്ചറിയൽ കാർഡ് ഇല്ലാത്തതുകാരണം വോട്ടുചെയ്യാൻ കഴിയില്ലെന്നത് ഏതോ പുതിയ കാര്യം കേൾക്കുന്നതുപോലെയാണ് പത്തനംതിട്ട ജില്ലാ കളക്ടറിന്റെ പ്രതികരിച്ചത്.” അംബേദ്കർ സ്മാരക മാതൃക ഗ്രാമ വികസന സൊസൈറ്റി പ്രസിഡന്റ് ടി.ആർ. ശശി പറയുന്നു. ഈ വിഷയം ചൂണ്ടിക്കാണിച്ച് ജില്ലാ കളക്ടർക്കെതിരെ അംബേദ്കർ സ്മാരക മാതൃകാ ഗ്രാമവികസന സൊസൈറ്റി തെരഞ്ഞെടുപ്പ് കമ്മീഷന് പരാതി നൽകിയിട്ടുണ്ട്.■

# കേന്ദ്ര സർക്കാരിനെതിരെ കർഷകരുടെ പ്രചരണം

**ബി.ജെ.പി** സർക്കാരിന്റെ കർഷകദ്രോഹ നയങ്ങളിൽ പ്രതിഷേധിച്ചുകൊണ്ട് ബി.ജെ.പിക്കും മോദിക്കും എതിരെ വോട്ടു ചെയ്യുക എന്ന മുദ്രാവാക്യമുയർത്തി രാഷ്ട്രീയ കിസാൻ മഹാസംഘ് എന്ന കർഷക സംഘടനകളുടെ ദേശീയ സഖ്യം കേരളത്തിലും തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ സജീവമായി. മോദി സർക്കാരിന്റെ കർഷക വിരുദ്ധ നയങ്ങൾ ഉയർത്തിക്കാണിച്ച് രാഷ്ട്രീയ കിസാൻ മഹാസംഘ് മുന്നോട്ടുവയ്ക്കുന്ന വിഷയങ്ങൾ ഇവയാണ്.

ലോകവ്യാപാര സംഘടനയുടെ സൗകര്യമൊരുക്കൽ കരാറിനെ മന്ത്രിതല സമ്മേളനത്തിൽ യു.പി.എ എതിർത്തില്ല എന്നു പറഞ്ഞ് അധികാരത്തിൽ എത്തിയവർ 2015ലെ മന്ത്രിതല സമ്മേളനത്തിന് ശേഷം വ്യാപാര സൗകര്യമൊരുക്കൽ കരാറിന് നിയമപരമായ അംഗീകാരം നൽകി (Rati-fied Trade Facilitation Agreement). യു.പി.എ ഭരണകാലത്ത് ലോകവ്യാപാര സംഘടന നിശ്ചയിച്ച ഇറക്കുമതി തീരുവ ഏർപ്പെടുത്തി കർഷകരെ രക്ഷിക്കണമെന്ന് പറഞ്ഞവർ 2016 സെപ്തംബർ 13ന് ഉരുളക്കിഴങ്ങിന്റെയും ഗോതമ്പിന്റെയും ഇറക്കുമതി തീരുവ 7.5 ശതമാനവും സംസ്കരിച്ച പാമോയിലിന്റെ തീരുവ 15 ശതമാനവും ആക്കി കുറച്ചു. 2016 ഡിസംബർ 9ന് ഗോതമ്പിന്റെ ഇറക്കുമതി തീരുവ എടുത്തുകളഞ്ഞു. യു.പി.എ ഭരണകാലത്ത് സ്വതന്ത്ര വ്യാപാര കരാറുകൾ ഒപ്പിടുന്നതിനെ എതിർക്കുകയും പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ സ്വന്തം പ്രതിനിധികളെക്കൊണ്ട് സ്വതന്ത്ര വ്യാപാരകരാർ ചർച്ചകൾ നിർത്തിവയ്ക്കാൻ ആവശ്യപ്പെടുകയും ചെയ്ത ബി.ജെ.പി അധികാരത്തിൽ വന്ന ശേഷം യു.പി.എ നിർത്തിവച്ച സ്വതന്ത്ര വ്യാപാര കരാർ ചർച്ചകൾ പുനരാരംഭിച്ചു. ഭക്ഷ്യ എണ്ണയുടെ ഏറ്റവും വലിയ ഇറക്കുമതിക്കാരും വിതരണക്കാരുമായ അദാനി ഗ്രൂപ്പിനെ സഹായിക്കുന്നതിനായാണ് പാമോയിലിന്റെ ഇറക്കുമതി തീരുവ ബി.ജെ.പി സർക്കാർ കുറച്ചത്. അഞ്ച് വർഷത്തെ ഭരണത്തിനിടയിൽ 3.76 ലക്ഷം കോടി രൂപയുടെ കോർപ്പറേറ്റ് കിട്ടാക്കടം എഴുതിത്തള്ളിയ മോദി സർക്കാർ 1.24 ലക്ഷം കോടിയുടെ കാർഷിക കടം എഴുതിത്തള്ളാൻ സന്നദ്ധമാകുന്നില്ല. 2014ലെ പാർലമെന്റ് തെരഞ്ഞെടുപ്പ് സമയത്ത് കടം എഴുതിത്തള്ളും എന്ന് ബി.ജെ.പി വാഗ്ദാനം ചെയ്തിരുന്നു. പാലിനും പച്ചക്കറിക്കും പഴവർഗ്ഗങ്ങൾക്കും തറവില നിശ്ചയിക്കുമെന്ന വാഗ്ദാനവും പാലിക്കപ്പെട്ടില്ല.■